# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3192 — 24-02-2016-ൽ മറുപടിയ്ക്ക്

## കാരുണ്യ ബനവലന്റ് സ്കീം

| | ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ബനവലന്റ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികൾ ഏതെല്ലാമാണെന്ന് പറയാമോ; | (എ) | സംസ്ഥാനത്തെ വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും, പരിയാരം സഹകരണ മെഡിക്കൽ കോളേജ്, ശ്രീ ചിത്തിര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നിവിടങ്ങളിലും കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം ചികിത്സ ലഭ്യമാണ്. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്തെ 27 ജില്ല/ താലൂക്ക് ആശുപത്രികളിൽ കൂടി സംസ്ഥാന ആരോഗ്യ വകുപ്പ് ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പദ്ധതി പ്രകാരം അക്രഡിറ്റേഷൻ നടത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ഡയാലിസിസ് സെന്ററുകൾ, 27 ജില്ല/ താലൂക്ക് ആശുപത്രി എന്നിവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികൾക്ക് നിശ്ചിത കാലാവധിയ്ക്കുള്ളിൽ തുക അനുവദിക്കുന്നതിൽ വീഴ്ചവന്ന സാഹചര്യം എന്താണെന്ന് പറയാമോ; | (ബി) | 14 ജില്ലകളിൽ നിന്നും ലഭിക്കുന്ന ആയിരക്കണക്കിന് അപേക്ഷകൾ യഥാസമയം പ്രോസസ്സ് ചെയ്ത് പരിശോധിക്കുന്നതിന് മതിയായ സ്ഥിരം ജീവനക്കാർ ഇല്ലാതിരുന്നതു കൊണ്ടാണ് ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. എന്നാൽ ജനുവരി 2016 മുതൽ ഭാഗ്യക്കുറി വകുപ്പിൽ നിന്നും ഇതിനായി പ്രത്യേകം ജീവനക്കാരെ നിയോഗിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |
| (സി) | കാരുണ്യ ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പനയിലൂടെ ഉയർന്ന ലാഭമുണ്ടായിട്ടും ആ തുക ചികിത്സാ പദ്ധതിക്ക് കൈമാറാതിരിക്കുകയും അതുകാരണം രോഗികൾക്ക് കൃത്യമായി ചികിത്സ ലഭിക്കാതിരിക്കുവാനുമുള്ള സാഹചര്യം വിശദമാക്കാമോ? | (സി) | കാരുണ്യ ബനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റർ ആവശ്യപ്പെടുന്ന മുറയ്ക്ക്, കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളുടെ അറ്റാദായത്തിൽ നിന്നും ചികിത്സാപദ്ധതിക്ക് തുക കൈമാറിയിട്ടുണ്ട്. |

Jeyanth

**സെക്ഷൻ ഓഫീസർ.**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്